ഫയൽ നമ്പർ 72922/ഇ.പി.എ.3/2013/തസ്വഭവ പ്രകാരം സർക്കാർ പരിശോധിച്ചിരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് രാജീവൻ സി. എച്ച്. ജോലിയിൽ പ്രവേശിച്ചത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ ജോലിയിൽ പ്രവേശിച്ച റോഡ് സ്വീപ്പർമാർ ആശ്രിത നിയമന വ്യവസ്ഥയുടെ പരിധിയിൽ ഉൾപ്പെടുമോ എന്നതിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ നിയമനം നൽകിയ ഉത്തരവിന്റെ തീർപ്പുഫയൽ ലഭ്യമാക്കാൻ ആ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. ഇതിന് മറുപടിയായി രാജീവന് നിയമനം നൽകിയ ഉത്തരവിന്റെ പകർപ്പ്, പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച ഉത്തരവിന്റെ പകർപ്പ്, പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ്, പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവ അനുവദിച്ചുകൊണ്ടുള്ള നടപടിക്രമങ്ങളുടെ പകർപ്പുകൾ എന്നിവയാണ് പഞ്ചായത്ത് ഡയറക്ടർ ഹാജരാക്കിയത്. എന്നാൽ ഇത് സംബന്ധിച്ച തീർപ്പുഫയൽ ലഭ്യമാക്കാൻ വീണ്ടും കത്ത് അയച്ചെങ്കിലും മേൽ രേഖകളുടെ പകർപ്പുകളാണ് തീർപ്പുഫയൽ ഇനത്തിൽ ഉള്ളതെന്ന് കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിനാൽ ഇക്കാര്യം അറിയിച്ച് ഫയൽ വീണ്ടും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ മരണമടഞ്ഞ രാജീവൻ. സി. എച്ച്.-ന്റെ സേവനപുസ്തകം സഹിതം ഫയൽ ആവശ്യപ്പെട്ടതനുസരിച്ച് 5-2-2015-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ സേവനപുസ്തകം പഞ്ചായത്ത് ഡയറക്ടറിൽ നിന്നും ലഭ്യമായിട്ടില്ല. സേവനപുസ്തകം ലഭ്യമാക്കി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായവും കണക്കിലെടുത്ത് ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## ജാഗ്രതാ സമിതികൾ

194 (1610) <u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. എ. റ്റി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ബാലപീഡനം ഒഴിവാക്കുന്നതിന് സമിതികളെ എങ്ങനെ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ;

(സി) ഇതു സംബന്ധിച്ച പഠന റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ഡി) പഠന റിപ്പോർട്ട് നടപ്പാക്കുന്നതിന് നിയമങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) സർക്കാരിന്റെ 23-6-2007-ലെ സ.ഉ. (എംഎസ്.) നമ്പർ 31/2007/ സാക്ഷേവ ഉത്തരവ് പ്രകാരമാണ് ഗ്രാമ പഞ്ചായത്തുകളിൽ ജാഗ്രതാ സമിതി രൂപീകരിച്ചിട്ടുള്ളത്. ആയതിന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. സ്ത്രീകളും പെൺകുട്ടികളും കക്ഷിയായിട്ടുള്ള ഏത് പരാതിയും സ്വീകരിക്കുക, എത്രയും പെട്ടെന്ന് ആവശ്യമായ ഇടപെടലുകളും പരിഹാരവും സഹായ സംവിധാനവും ഉണ്ടാക്കുക.

2. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന ഏത് അതിക്രമത്തിനും വിവേചനത്തിനും നിയമലംഘനത്തിനും ചൂഷണത്തിനും അനീതിക്കുമെതിരെ സ്വയം ഇടപെടുക, പരിഹരിക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കുക.

3. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ ഉണ്ടാകാത്ത അവസ്ഥ സംജാതമാക്കാൻ പ്രയത്നിക്കുക.

4. സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാനായി ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുക.

5. ആവശ്യമായ നിയമസഹായവും ഉപദേശവും പ്രചരണവും നൽകുക.

(ബി) പഞ്ചായത്തുതല ജാഗ്രതാ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കിത്തീർക്കുവാൻ ഓരോ വാർഡിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡുതല ജാഗ്രതാ സമിതികളും പഞ്ചായത്തുതല സമിതികളും നിയമസഹായ സമിതികളും പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾ നേരിടുന്ന പീഡനങ്ങൾ ഏതൊക്കെത്തരത്തിലാണെന്ന് പ്രാദേശിക തലത്തിലെ ഏറ്റവും താഴെ തട്ടിലെ ഭരണനിർവ്വഹണം ഏറ്റെടുത്തിരിക്കുന്ന വാർഡ് മെമ്പർമാർക്ക് കണ്ടെത്തുവാൻ സാധിക്കുന്നതാണ്. പഞ്ചായത്തുകളിലെ കുട്ടികളെ സംബന്ധിച്ച വിവരം വാർഡ് തലത്തിൽ സർവ്വേ നടത്തി കണ്ടെത്തുന്നതിനും കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും പെൺകുട്ടികൾക്കെതിരെയുള്ള പ്രശ്നങ്ങളിൽ ജാഗ്രതാ സമിതിയിൽ എത്തിച്ച് പ്രശ്നപരിഹാരം ഉണ്ടാക്കുവാൻ അംഗൻവാടി വർക്കർമാർ, ആശാ വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സഹായത്തോടുകൂടി വാർഡ് മെമ്പർമാർ വഴി സാധിക്കുന്നതാണ്.

(സി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള മാസ്റ്റർ ഷെഫീഖ് കമ്മിറ്റി റിപ്പോർട്ടിന് 29-11-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 101/2013/സാനീവ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ പ്രത്യേകിച്ചും രണ്ടാനച്ഛൻമാരിൽനിന്നും, രണ്ടാനമ്മമാരിൽനിന്നും തടയുന്നതിന് സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച മാസ്റ്റർ ഷെഫീഖ് കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്.

(ഡി) ഗ്രാമപഞ്ചായത്ത് തലത്തിലും നിയോജകമണ്ഡല തലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനായി 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനും അവരുടെ അന്തസ്സും പദവിയും ജീവിത സുരക്ഷിതത്വവും ഉയർത്തിക്കൊണ്ട് വരുന്നതിനും അവർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങളും അവകാശ ലംഘനങ്ങളും സർവ്വതലത്തിലും തടയുന്നതിനും പ്രാദേശിക-സർക്കാർ തലത്തിൽ നിതാന്ത ജാഗ്രതയോടെ പ്രവർത്തിക്കുന്ന കുട്ടികളുടെയും സ്ത്രീകളുടെയും സംരക്ഷണവേദിയെന്ന നിലയിലാണ് ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. ജാഗ്രതാ സമിതികൾ പഞ്ചായത്ത് തലത്തിലും നിയോജക മണ്ഡലതലത്തിലുമാണ് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന സമിതി ഗ്രാമപഞ്ചായത്തുതല ജാഗ്രതാ സമിതിയെന്നും നിയോജകമണ്ഡല തലത്തിൽ രൂപീകരിക്കുന്ന സമിതി വാർഡുതല ജാഗ്രതാ സമിതിയെന്നും അറിയപ്പെടുന്നതാണ്. ഗ്രാമപഞ്ചായത്തുതല ജാഗ്രതാ സമിതിയുടെ അദ്ധ്യക്ഷൻ പഞ്ചായത്ത് പ്രസിഡന്റും നിയോജക മണ്ഡലതല ജാഗ്രതാ സമിതിയുടെ കൺവീനർ ആ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഗ്രാമപഞ്ചായത്തിലെ അംഗവും ആയിരിക്കും. നിയോജക മണ്ഡലതല ജാഗ്രതാ സമിതിയുടെയും പഞ്ചായത്തുതല ജാഗ്രതാ സമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നൽകിവരുന്ന വിവിധ സേവനങ്ങളുടെ ഫീസ് വർദ്ധന

195 (1611) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ-വഴി നൽകിവരുന്ന വിവിധ സേവനങ്ങളുടെ ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇവ ഓരോന്നിന്റെയും ഇത്തരത്തിലുള്ള വർദ്ധനവിന് മുമ്പുള്ള നിരക്കിന്റെ വിശദാംശങ്ങളും നൽകാമോ ?

### ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly